14065
24/6/17

കേരള സർക്കാർ

**സംഗ്രഹം**

എൻ.സി.സി. വകുപ്പ് - ഇടുക്കിയിലെ നെടുങ്കണ്ടത്ത് പുതുതായി ആരംഭിച്ച 33(K) എൻ.സി.സി. ബറ്റാലിയന്റെ പ്രവർത്തനത്തിനായി പുതിയ തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(എം.എസ്) നം. **168**/2017/ഉവിവ. തീയതി, തിരുവനന്തപുരം, **22.06.2017**

പരാമർശം:- 1. 22.6.2012 ലെ സ.ഉ(സാധാ)1234/2012/ഉവിവ നം. ഉത്തരവ്.
2. 5.10.2013 ലെ സ.ഉ(സാധാ) 1971/2013/ഉവിവ നം. ഉത്തരവ്.
3. 19.3.2014, 23.9.2016 തീയതികളിലെ 5157/P3-Pub/2012/NCC നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ നെടുങ്കണ്ടത്ത് സീനിയർ ഡിവിഷന്റെ/സീനിയർ വിംഗിന്റെ 7 കമ്പനികളെയും ജൂനിയർ ഡിവിഷന്റെ/ജൂനിയർ വിംഗിന്റെ 20 ട്രൂപ്പുകളെയും ഉൾപ്പെടുത്തി പുതിയ എൻ.സി.സി. ബറ്റാലിയൻ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. തുടർന്ന് പരാമർശം (2) ലെ ഉത്തരവ്വ പ്രകാരം നെടുങ്കണ്ടത്തെ എൻ.സി.സി. യൂണിറ്റിന്റെ പ്രവർത്തനത്തിനായി 01 ജൂനിയർ സൂപ്രണ്ട്, 01 ടൈപ്പിസ്റ്റ്, 04 ക്ലാർക്ക് , 02 ഡ്രൈവർ, 01 പ്യൂൺ, 01 ലാസ്കർ എന്നിവരെ പുനർവിന്യാസം വഴി അനുവദിച്ചു നൽകിയിരുന്നു. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനത്തിനായുള്ള കേന്ദ്ര സർക്കാരിന്റെ എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കുകയും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുള്ള സ്റ്റാഫ്, ട്രെയിനിംഗ് സാമഗ്രികൾ, തുണിത്തരങ്ങൾ, ആയുധ സാമഗ്രികൾ തുടങ്ങിയവ അനുവദിക്കുകയും ചെയ്തു സാഹചര്യത്തിലും വാഹനം, ട്രെയിനിംഗ് എന്നിവയ്ക്കായി 173.49 ലക്ഷം രൂപ ആവർത്തനച്ചെലവിനത്തിലും 43.75 ലക്ഷം രൂപ അനാവർത്തനച്ചെലവിനത്തിലുമായി അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുള്ളതിനാലും പുതുതായി ആരംഭിച്ച നെടുങ്കണ്ടത്തെ 33(K) എൻ.സി.സി ബറ്റാലിയന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ജൂനിയർ സൂപ്രണ്ട്, യു.ഡി. ടൈപ്പിസ്റ്റ്, എൽ.ഡി. ടൈപ്പിസ്റ്റ്, പ്യൂൺ, ചൗക്കിദാർ, ഫുൾ ടൈം സ്വീപ്പർ എന്നിവരുടെ ഓരോ തസ്തികയും യു.ഡി. ക്ലാർക്കിന്റെ 3 തസ്തികയും എൽ.ഡി. ക്ലാർക്കിന്റെ 4 തസ്തികയും ലാസ്കറിന്റെ 6 തസ്തികയും ഡ്രൈവറിന്റെ 3 തസ്തികയും ചേർത്ത് ആകെ 22 തസ്തികകൾ അനുവദിച്ചു നൽകണമെന്ന് എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇടുക്കിയിലെ നെടുങ്കണ്ടത്ത് പുതുതായി ആരംഭിച്ച 33 (K) എൻ.സി.സി. ബറ്റാലിയനിലേയ്ക്ക് ചുവടെ ചേർത്തിട്ടുള്ള തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| ജൂനിയർ സൂപ്രണ്ട് | - | 1 (ഒന്ന്) |
| ക്ലാർക്ക് | - | 5 (അഞ്ച്) |
| ഓഫീസ് അറ്റൻഡന്റ് | - | 1 (ഒന്ന്) |
| ചൗക്കിദാർ | - | 1 (ഒന്ന്) |
| പാർട്ട്ടൈം സ്വീപ്പർ | - | 1 (ഒന്ന്) |
| ഡ്രൈവർ | - | 3 (മൂന്ന്) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. ഉഷാ ടൈറ്റസ്**
സെക്രട്ടറി

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ഐ&പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ